# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 05/01/2018. വിഷയം:** *“ തസ്വവ്വുഫ് തെറ്റും ശരിയും”*

**وَنَفْسٍ وَمَا سَوَّاهَا * فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا* قَدْ أَفْلَحَ مَن زَكَّاهَا * وَقَدْ خَابَ مَن دَسَّاهَا* ﴿الشمس﴾**

ദീനിനെ പുനർജീവിപ്പിച്ച ശൈഖ് ജീലാനി(റ) അതിന് 2 വഴി യാണ് സ്വീകരിച്ചതെന്നും, ഒന്ന്: സുന്നത്തിലേക്ക് ജനങ്ങളെ മട ക്കലായിരുന്നുവെന്നും കഴിഞ്ഞ ആഴ്ച പറഞ്ഞുവെച്ചു.

➢ രണ്ട് ഘടകങ്ങൾ കൂടിച്ചേരുന്നതാണ് മനുഷ്യൻ. ശരീരവും ആത്മമാവും. ഇവ പൂരകങ്ങളാണ്. ശരീരം നിലനിൽക്കാനും പ്രവർത്തിക്കാനും ആത്മാവുവേണം. ഉദാ: ആത്മാവ് പിരി ഞ്ഞാൽ കാഴ്ച, കേൾവി, സംസാരം ഒന്നും നടക്കില്ല. അവയവ ത്തിന്റെ തകരാറല്ല, റൂഹ് പിരിഞ്ഞതാണ് കാരണം.
ഇതുപോലെ ആത്മാവിന് ഇവിടെ നിലനിൽക്കാൻ ജഢം ആവ ശ്യമാണ്. അല്ലാത്തപക്ഷം അതിന് ആത്മാവിന്റെ ലോകത്തേ ക്ക് മടങ്ങേണ്ടിവരും.

➢ ദീനിന്റെ അവസ്ഥയും ഇതുതന്നെയാണ്. അതിന് ശരീരവും ആത്മാവുമുണ്ട്. അതിന്റെ ശരീരം ശരീഅത്താണ്. (ബാഹ്യമായി നാം കാണുന്ന നടപടിക്രമങ്ങൾ). ദീനിന്റെ ആത്മാവ്: ഹൃദയശു ദ്ധിയാണ്. (ആത്മസംസ്കരണം)

➢ ഇവ രണ്ടും ജനങ്ങളെ പഠിപ്പിക്കാനാണ് നബി (സ്വ) നിയോ ഗിതരായത്.

**هُوَالَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ ﴿الجمعة:٢﴾**

ആരാധനകൾ ദീനിൽ എത്ര പ്രധാനമാണോ അത്ര തന്നെ പ്രധാനമാണ് ആത്മശുദ്ധിയും.

يَا أَيُّهَا الَّذِينَ آمَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ ۩ ﴿الحج:٧٧﴾

وَنَفْسٍ وَمَا سَوَّاهَا * فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا* قَدْ أَفْلَحَ مَن زَكَّاهَا * وَقَدْ خَابَ مَن دَسَّاهَا* ﴿الشمس﴾

ഇവിടെ ഒന്നാം ആയത്തിൽ നിസ്ക്കാരത്തെയും രണ്ടാം ആയത്തിൽ ഹൃദയശുദ്ധിയേയും വിജയത്തിന്റെ കാരണങ്ങളായി എണ്ണിയിരിക്കുന്നു.

➤ ഇവയിൽ നിന്ന് ഏതിനെ ഒഴിവാക്കുന്നതും പരലോകത്തെ പരാജയപ്പെടുത്തും.

فَوَيْلٌ لِلْمُصَلِّينَ الَّذِينَ هُمْ عَنْ صَلَاتِهِمْ سَاهُونَ* الَّذِينَ هُمْ يُرَاءُونَ

ഇവിടെ സമയത്ത് നിസ്കരിക്കാത്തതാണ് നരക പ്രവേശനത്തിന് ഒരു കാരണമെങ്കിൽ ആത്മശുദ്ധിയില്ലാത്തതാണ് മറ്റൊരു കാരണം. ഇങ്ങനെ അനേകം ആയത്തുകളുണ്ട്.

إِنَّ اللَّهَ لَا يُحِبُّ مَن كَانَ خَوَّانًا أَثِيمًا ﴿النسآء:١٠٧﴾

إِنَّ اللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا فَخُورًا ﴿النسآء:٣٦﴾

ചുരുക്കത്തിൽ ശരീഅത്തും തസ്ക്കിയത്തും ഇണപിരിയാൻ പാടില്ലാത്തതാണ്. രണ്ട് ചിറകുപോലെയാണത്.

➤ ഉത്തമ നൂറ്റാണ്ടുകൾക്കുശേഷം സമുദായം ആരാധന നില നിർത്തുകയും ആത്മശുദ്ധി കൈവിടുകയും ചെയ്തപ്പോൾ അതിനെതിരെ ശക്തമായി പ്രവർത്തിച്ചവരായിരുന്നു ശൈഖ് ജീലാനി(റ) .അതുകൊണ്ടാണ് അവരുടെ മുഖ്യ അജണ്ട തസ്വവ്വുഫ് ആയത്.

يَا قَوْمِ! أَجِيبُوا, فَإنِّي دَاعِي اللهِ عَزَّ وَجَلَّ, أَدْعُوكُمْ إِلَى بَابِهِ وَطَاعَتِهِ, .... لِسَانُكَ وَرِعٌ وَقَلْبُكَ فَاجِرٌ! لِسَانُكَ يُحَمِّدُ اللهَ عَزَّ وَجَلَّ وَقَلْبُكَ يَعْتَرِضُ عَلَيْهِ! ظَاهِرُكَ مُسْلِمٌ وَبَاطِنُكَ كَافِرٌ! ظَاهِرُكَ مُوَحِّدٌ وَبَاطِنُكَ مُشْرِكٌ! زُهْدُكَ عَلَى ظَاهِرِكَ, دِينُكَ عَلَى ظَاهِرِكَ, وَبَاطِنُكَ خَرَابٌ، كَبَيَاضٍ عَلَى بَيْتِ المَاءِ – الخَلاءِ– المُؤْمِنُ يَبْتَدِئُ بِعِمَارَةِ بَاطِنِهِ ثُمَّ يَشْتَغِلُ بِعِمَارَةِ ظَاهِرِهِ (الفتح الرباني: ٤٢).

➤ അതോടൊപ്പം ആത്മീയതയുടെ പേരിൽ ശരീഅത്ത് നിയമങ്ങളെ പാലിക്കാത്തവരെ മഹാനർ കഠിനമായി വിമർശിച്ചു.

تَرْكُ الْعِبَادَاتِ الْمَفْرُوضَاتِ زَنْدَقَةٌ، و ارْتِكَابُ الْمَحْظُورَاتِ مَعْصِيَةٌ. لَا تَسْقُطُ الْفَرَائِضُ عَنْ أحَدٍ فِي حَالٍ مِنَ الْأَحْوَالِ (الفتح الرباني)

ശരീഅത്ത് നിയമം പാലിക്കാത്തവരെ പിശാച് സ്വാധീനിച്ചിരിക്കുന്നുവെന്നാണ് ജീലാനി (റ) പറയുന്നത്.

اِنِ انْخَرَمَ فِيكَ شَيءٌ مِنَ الْحُدودِ فَاعْلَمْ أَنّكَ مَفْتُونٌ، قَدْ لَعِبَ الشَّيْطَانُ بِكَ، فَارْجِعْ إِلَى حُكْمِ الشَّرْعِ وَالْزَمْهُ، وَدَعْ عَنكَ الْهَوَى، لِأَنَّ كُلَّ حَقِيقَةٍ لَا تَشْهَدُ لَهَا الشَّرِيعَةُ فَهِيَ بَاطِلَةٌ(الطبقات الكبري للشعراني)

➤ ഇന്ന് ഇത് വളരെ പ്രസക്തമാണ്. ആത്മീയതയുടെ പേരിൽ ശരീഅത്ത് പാലിക്കാത്തവർ അധികരിക്കുന്നു. വ്യാജന്മാർ വില

സുന്നു. തോന്ന്യാസങ്ങളെ മറച്ചുപിടിക്കാൻ സൂഫിസം മറയാക്കുന്നു. എന്നാൽ സൂഫികളുടെ രാജാവ് പറയുന്നു.

قَالَ الغزّالى: مَن زَعَمَ انَّ لَهُ مَعَ اللَّهِ حَالًا أَسقَط عَنْهُ نَحْوَالصَّلاةِ وَتَحْرِيمَ نَحْوِ شُرْبِ الخَمْرِ وَجَبَ قَتْلُهُ، وَقَتْلُ مِثْلِهِ اَفْضَلُ مِنْ قَتْلِ مِائَةِ كَافِرٍ، لِاَنَّ ضَرَرَهُ اَكْثَرُ (تحفة:٩/٧٧)

ചരിത്രം: ഒരിക്കൽ ജീലാനിയുടെ മുന്നിൽ വലിയ ഒരു പ്രകാശം പ്രത്യക്ഷപ്പെട്ടു. അപ്പോൾ ഒരശരീരിയുണ്ടായി.

ياعبدَ الْقَادِرِ ! أَنَا رَبُّكَ، وَقَدْ حُلِّلَتْ لَكَ مَاحَرَّمْتُ ، فَقَالَ الشيخُ: اِخْسَأْ يَاعَدُوَّ اللَّهِ.

ശിഷ്യന്മാർ ചോദിച്ചു: പിശാചാണെന്ന് എങ്ങനെ അറിഞ്ഞു. മറുപടി: ഹറാമുകൾ ഹലാലാണെന്ന് പറഞ്ഞതുകൊണ്ട്. (ത്വബഖാതുൽകുബ്റാ)

അതേ സമയം മാനസീകനില മാറിപ്പോയ മജ്ദൂബുകൾ (മസ്താൻ) തക്ലീഫില്ലാത്തവരാണ്. അവരെ ആക്ഷേപിക്കേണ്ടതില്ല. <u>അതേസമയം അവരെ മാതൃകയാക്കാനും തുടരാനും പാടില്ല.</u> കാരണം അവർ തക്ലീഫ് ഉള്ളവരല്ല.

ഇമാം ഹൈത്തമി (റ) പറയുന്നു.

وَلَا يُؤْخَذْ عَنهُمْ، وَلَا يُعَدُّونَ مِنْ أَصْحَابِ الْمَرَاتِبِ وَالتَّصرُّفِ (الفتاوي الحديثية)

ചുരുക്കത്തിൽ തസ്ക്കിയത്-തസവ്വുഫ്-നാം മുറുകെ പിടിക്കുക. ശരീഅത്ത് പാലിക്കുകയും ചെയ്യുക. രണ്ടും പരലോകവിജയത്തിന് അനിവാര്യമാണ്. ശരീഅത്ത് ഇല്ലാതെയുള്ള തസവ്വുഫ് സ്വീകാര്യമല്ല.